# 15 -ാം കേരള നിയമസഭ

## 4 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 153** **16-03-2022 - ൽ മറുപടിയ്ക്ക്**

## മദ്യ നയത്തിലെ മാറ്റം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ** | | **null<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മദ്യ നയത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മദ്യ നയത്തിൽ മാറ്റം വരുത്തിയിട്ടില്ല. 2022-23 വർഷത്തെ മദ്യനയം പ്രഖ്യാപിച്ചിട്ടില്ല. |
| (ബി) | ഇതിനായി ബന്ധപ്പെട്ട ചട്ടങ്ങളിൽ എന്തെല്ലാം കാതലായ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്; വിശദമാക്കാമോ; | (ബി) | ബാധകമല്ല. |
| (സി) | ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ; | (സി) | കേരള സംസ്ഥാന ലഹരി വർജ്ജനമിഷൻ വിമുക്തിയുടെ ആഭിമുഖ്യത്തിൽ ലഹരിയുടെ ദൂഷ്യവശങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനും, 'ലഹരിമുക്ത കേരളം' എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുമായി പൊതുജനങ്ങളുടേയും, മറ്റ് സർക്കാർ വകുപ്പുകളുടേയും സഹകരണത്തോടെ ലഹരിക്കെതിരെ വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും, ലഹരിക്കടിമപ്പെട്ടവർക്ക് ലഹരി മോചന ചികിത്സ, കൗൺസിലിംഗ് തുടങ്ങി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുകയും ചെയ്യുന്നുണ്ട് . സംസ്ഥാനത്ത് സ്കൂൾ തലത്തിലും, കോളേജ് തലത്തിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് വിവിധ ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. വിദ്യാർത്ഥികളിൽ ലഹരിക്കെതിരെ ചിന്ത ഉണർത്തുന്നതിന് സ്കൂൾ തലത്തിൽ "ഉണർവ്വ്" എന്ന പേരിലും , കോളേജ് ക്യാമ്പസുകളിൽ "നേർക്കൂട്ടം" എന്ന പേരിലും, കോളേജ് ഹോസ്റ്റലുകളിൽ "ശ്രദ്ധ" എന്ന പേരിലും കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ആദിവാസി–തീരദേശ മേഖലകളിൽ ലഹരി വർജ്ജന പ്രവർത്തനങ്ങൾക്ക് പ്രത്യേക ശ്രദ്ധ നല്കുന്നതിനായി ടി മേഖലകൾ കേന്ദ്രീകരിച്ച് കരിയർ ഗൈഡൻസ് ക്ലാസുകൾ, |

| | | | |
|---|---|---|---|
| | | | വിവിധ കായിക ഇനങ്ങളിൽ പരിശീലനവും മത്സരവും സംഘടിപ്പിക്കൽ, ലൈബ്രറി സൗകര്യം ഒരുക്കൽ, മെഡിക്കൽ ക്യാംപുകൾ സംഘടിപ്പിയ്ക്കൽ തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ടി മേഖലകളിലെ കുട്ടികളും യുവാക്കളും അനഭിലഷണീയമായ പ്രവണതകളിൽ ഏർപ്പെടാതിരിയ്ക്കുവാനും, അവരുടെ കായിക ശേഷി വർദ്ധിപ്പിയ്ക്കുന്നതിനും "ഫിറ്റ്നെസ് കേന്ദ്രങ്ങൾ" തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഗോത്രവിഭാഗങ്ങൾക്കിടയിൽ ഗോത്രകലാരൂപങ്ങളിലൂടെ ബോധവൽക്കരണം കൂടുതൽ ഫലപ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ലഹരി വിരുദ്ധ പോരാട്ടത്തിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വാർഡ് തലം മുതൽ വിമുക്തി കമ്മിറ്റികൾ രൂപീകരിച്ച് പൊതുജനങ്ങളിൽ നിന്നുള്ള അഭിപ്രായങ്ങളും, പരാതികളും പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു. ലഹരിക്കടിമപ്പെട്ടവർക്ക് ചികിത്സ നൽകുന്നതിനായി നിലവിൽ 14 ജില്ലകളിലും വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകളും, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ മേഖല കൗൺസിലിംഗ് സെന്ററുകളും, തിരുവനന്തപുരം ജില്ലയിൽ സ്ത്രീകൾക്കും, കുട്ടികൾക്കുമായുള്ള ഡി-അഡിക്ഷൻ സെന്ററും പ്രവർത്തിയ്ക്കുന്നു. |
| (ഡി) | ബാർ ലൈസൻസ് നൽകുന്നതിനുള്ള വ്യവസ്ഥകളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്; വിശദവിവരം നൽകാമോ? | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ബാർ ലൈസൻസ് നൽകുന്നതിനുള്ള വ്യവസ്ഥകളിൽ മാറ്റങ്ങളൊന്നും വരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ